28-01-2023

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/01/2023.

1. കൃഷി ദർശന്റെ സമാപന പരിപാടിയായ കൃഷിക്കൂട്ട സംഗമവും ഘോഷയാത്രയും ഇന്ന് (28.01.2023) നെടുമങ്ങാട് മാർക്കറ്റ് ജംഗ്ഷനിൽ വച്ച് നടക്കുകയാണ്. പ്രസ്തുത പരിപാടി പൊതു വിദ്യാഭ്യാസവകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ അവാർഡ് ദാനം നിർവ്വഹിക്കുന്നു. ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു മാതൃക ഹരിതപോഷകഗ്രാമപ്രഖ്യാപനവും നിർവ്വഹിക്കും.

2. എല്ലാവർഷവും ജനുവരി മാസം 15 മുതൽ 31 വരെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ജന്തുക്ഷേമദ്വൈവാരം ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മൃഗപരിപാലനത്തിനും മൃഗക്ഷേമത്തിനുമായി ജനുവരി 31ന് രാവിലെ 10.30 മണിക്ക് തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ വച്ച് **ജന്തുക്ഷേമവും മൃഗസംരക്ഷണ വകുപ്പും** എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനതല സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്ന് നാലുമണിക്ക് നടത്തുന്ന ജന്തുക്ഷേമ ദ്വൈവാരാചരണ സമാപന സമ്മേളനം ഉദ്ഘാടനം ഗതാഗതാവകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് മുഖ്യാതിഥി ആയിരിക്കും.

3. തിരുവനന്തപുരം വലിയതുറയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും തീറ്റപ്പുൽക്കട വിൽപ്പനയ്ക്ക് ലഭ്യമാണ്. പുൽക്കട ആവശ്യമുള്ളവർ 0471-2501706, 9400831831 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

4. റബ്ബർബോർഡിന്റെ ഇപ്പോഴത്തെ ഘടനയ്ക്ക് മാറ്റമുണ്ടാകില്ലെന്നും റബ്ബർകൃഷി മേഖലയ്ക്കുവേണ്ടി ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ തുടരുമെന്നും റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ അറിയിച്ചു. കോട്ടയത്ത് നടന്ന 183-ാമത് റബ്ബർബോർഡ് യോഗത്തിൽ വെച്ചാണ് ഡോ. ധനാനിയ ബോർഡിന്റ ഭാവി സംബന്ധിച്ച വിശദീകരണം നൽകിയത്. റബ്ബർബോർഡ് നിർത്തലാക്കുന്നു എന്ന് മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ റബ്ബർകർഷകർ ആശങ്കപ്പെടേണ്ടതില്ലെന്ന് അദ്ദേഹം പറഞ്ഞു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

റബ്ബർവില കുറഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ കർഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടാണ് കേന്ദ്രസർക്കാർ സ്ക്രാപ്പുറബ്ബറിന്റെ ഇറക്കുമതി നിരോധനവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുള്ളത്. കോമ്പൗണ്ടഡ് റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം ഉയർത്തുന്നതു സംബന്ധിച്ച് ബോർഡ് നൽകിയിട്ടുള്ള നിർദ്ദേശം ഗവണ്മെന്റിന്റെ പരിഗണനയിലാണ്. റബ്ബറിന്റെ ഇറക്കുമതിക്ക് എൻ.ഒ.സി. (നോ ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റ്) ഏർപ്പെടുത്തുന്ന കാര്യവും പരിശോധനയിലുണ്ട്. റബ്ബർബോർഡിന്റെ 75-ാം വർഷവുമായി ബന്ധപ്പെട്ട് 2023 ഏപ്രിൽ 18 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ റബ്ബർകൃഷിമേഖലകളിൽ നടപ്പാക്കുമെന്നും ചെയർമാൻ അറിയിച്ചു.

5. ചർമ്മമുഴ രോഗം വ്യാപകമായി കന്നുകാലികളിൽ കണ്ടുവരുന്നു. ഈ രോഗം പകരുന്നത് തടയാൻ വാക്സിൻ ലഭ്യമാണ്. അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.

6. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിന് ധനസഹായം നൽകി വരുന്നു.

സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ X 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് (9 മീറ്റർ X 18 മീറ്റർ) സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ-കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല

പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും, പരമാവധി 5000 മെട്രിക് എന്ന പരിധിയ്ക്ക് വിധേയമായി കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 1) സമതല പ്രദേശങ്ങളിൽ 2800 രൂപ/മെട്രിക് ടണ്ണും, മലയോര പ്രദേശങ്ങളിൽ 4000 രൂപ/മെട്രിക് ടണ്ണും, കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 2) സമതല പ്രദേശങ്ങളിൽ 3500 രൂപ/മെട്രിക് ടണ്ണും, മലയോര പ്രദേശങ്ങളിൽ 5000 രൂപ/മെട്രിക് ടണ്ണും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ 9383471782 എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

7. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കെപ്കോ കേരള ചിക്കൻ (ചിൽഡ്- ഫ്രഷ് ഫ്രോസൺ ചിക്കൻ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ) വിൽപ്പന നടത്തുന്നതിന് **ഏജൻസികൾ** അനുവദിക്കുന്നതിന് വേണ്ടി ആലപ്പുഴ ജില്ലയിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും, ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം എന്നിവ വ്യക്തമാക്കിക്കൊണ്ട് വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഈ മാസം 31 ന് (31/01/2023) മുൻപായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്, പേട്ട, തിരുവനന്തപുരം- 695024 എന്ന മേൽവിലാസത്തിലോ kspdc@yahoo.co.in, kepcopoultry@gmail.com എന്ന ഇ-മെയിലിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ഫോൺ നമ്പർ **9495000921**.

**കാർഷിക നിർദ്ദേശങ്ങൾ**

8. വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണത്തിന് സാധ്യതയുണ്ട്. വാഴയിൽ പിണ്ടിപ്പുഴുവന്റെ ആക്രമണം നിയന്ത്രിക്കാൻ ഉണങ്ങിയ ഇലകൾ തിട്ട് ചെയ്തു ക്ലോർപൈറിഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച പിണ്ടിയിൽ തളിച്ച് കൊടുക്കുക.

കുരുമുളകിൽ ഫൈറ്റോഫ്‌തോറ ആക്രമണം തടയുന്നതിനായി ബോഡോ മിക്സ്ച്ചർ ഒരു ശതമാനം തളിക്കുക. കോപ്പർ ഓക്സി ക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം